**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 288**

# ഇത്, അത്, പിന്നെ രണ്ടും

## THIS, THAT AND BOTH

**ഒക്ടോബർ 30, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## 'അതി'ന്റെ പഠനം
## THE STUDY OF "THAT"

'അത്'(That). എന്താണത് അർത്ഥമാക്കുന്നത്? 'ഇത്'(This) ശരീരമാകുന്നു. 'അകത്തുള്ളതി'നെയാണ് 'അത്' എന്ന് വിളിക്കുന്നത്. ഒരു ഉദാഹരണം: 'ഇത്' ഒരു ഇരുമ്പലമാരയാണ്. അതിനുള്ളിലെ അമൂല്യരത്നമാണ് 'അത്'. 'ഇത്' ഓറഞ്ചിന്റെ





തോടാണ്. അകത്തെ നീരാണ് 'അത്'. 'ഇതും' 'അതും' ചേരുന്നതാണ് മുഴുവൻ പഴവും. തോടാണ് 'ഇത്'. അകത്തെ മധുരമുള്ള നീരാണ് 'അത്'. ഇതു രണ്ടും കൂടിച്ചേരുന്നതാണ് മൊത്തത്തിലുള്ള പഴം, ശരിയല്ലേ?

ഈ ആശയങ്ങൾ ഭഗവദ്ഗീത അദ്ധ്യായം 13-ൽ 15 മുതൽ 18 വരെ ശ്ലോകങ്ങളിൽ വ്യക്തമായി വിശദീകരിക്കപ്പെട്ടിരിക്കുന്നു. ഭഗവാന്റെ പ്രഭാഷണങ്ങൾ ഉപനിഷത്തുകൾ, ഭഗവദ്ഗീത, ഇതിഹാസങ്ങൾ പോലെയുള്ള പുണ്യഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലുള്ളവയാണ്. ഭഗവാൻ ഈ ശ്ലോകങ്ങളൊന്നും ഉദ്ധരിച്ചില്ലെന്നു വരാം, പക്ഷേ അതേ സമയം, ഓരോ വാചകവും, ഓരോ

ചിന്തയും, ശാസ്ത്ര സമ്മതം ഉള്ളതാവും. ഒരു അവതാരത്തിന്റെ പണിയെന്നത് പുരാതനമായ ആദ്ധ്യാത്മിക പ്രമാണങ്ങളുടെ ആധികാരികത ഉറപ്പിക്കുക, സ്ഥിരീകരിക്കുക, പുനഃദൃഢീകരണം ചെയ്യുക എന്നതാണ്. അതിനാൽ, ഇതൊരു പുതിയ കാര്യമല്ല. പുരാതനമായ അതേ ആദ്ധ്യാത്മിക സത്യങ്ങൾ, കാലത്തിനും സാഹചര്യങ്ങൾക്കും അനുസൃതമായി, വീണ്ടും വീണ്ടും അവതാരങ്ങളാൽ വിശദീകരിക്കപ്പെട്ടു വരുന്നു. അപ്പോൾ, ഈ ശാസ്ത്ര ഗ്രന്ഥങ്ങളെ ആധാരമാക്കി ഭഗവാൻ ചില കാര്യങ്ങൾ പറഞ്ഞിരിക്കുന്നു.



## ഈശ്വരൻ പ്രപഞ്ചം മുഴുവനും നിറഞ്ഞിരിക്കുന്നു

'അത്'(That) അഥവാ ഈശ്വരനെ സംബന്ധിച്ച ആദ്യത്തെ വസ്തുത എന്താണ്? ഈശ്വരന്റെ സവിശേഷതകൾ എന്തൊക്കെയാണ്? അന്തര്യാമിയുടെ സ്വഭാവവിശേഷങ്ങൾ എന്തൊക്കെയാണ്? ദ്രവ്യത്തിനു പുറകിലുള്ള ചൈതന്യത്തെക്കുറിച്ച് നമ്മൾ അറിഞ്ഞിരിക്കേണ്ടതായ വസ്തുതകൾ എന്തൊക്കെയാണ്?




**സർവ്വത: പാണിപാദം തത്**
**സർവ്വതോക്ഷി ശിരോമുഖം ।**



അത് വളരെ വ്യക്തമായി എഴുതപ്പെട്ടിരിക്കുന്നു. ഈശ്വരന്റെ കൈകളും കാലുകളും, ഈശ്വരന്റെ കണ്ണുകളും ചെവികളും, എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. അവിടുത്തെ ശിരസ്സുകളാണ് എല്ലായിടവും. മറ്റു രീതിയിൽ പറഞ്ഞാൽ, എല്ലാം ദിവ്യമാണ്.

അതാണ് ഭഗവാൻ പറയുന്നത്: "ശരീരം ഈശ്വരന്റെ ചലിക്കുന്ന ക്ഷേത്രമാകുന്നു. എല്ലാവരും ദിവ്യരാകുന്നു.

ഇനിയും:

**സർവ്വത: ശ്രുതിമല്ലോകേ**
**സർവ്വമാവൃത്യ തിഷ്ഠതി ।** (ഭ.ഗീ. 13.14)

ഇത് അർത്ഥമാക്കുന്നത് ഈശ്വരൻ പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്നു എന്നാണ്.

പ്രഹ്ലാദന്റെ ജീവിതം ഭക്തിയും ജ്ഞാനവും ആഴത്തിൽ വിശദീകരിക്കുന്നു. പ്രഹ്ലാദൻ ഭക്തിയുടെയും ജ്ഞാനത്തിന്റെയും സംയോജനമാകുന്നു. ഒരു കൊച്ചു പയ്യൻ-അവനുമായി ബന്ധപ്പെട്ടതോ ഒരു വലിയ കഥയും.

ഈ കൊച്ചു കുട്ടി ഒരു ഈശ്വരപ്രേമി ആണ്-ഹരിപ്രിയൻ; അതേസമയം അവന്റെ പിതാവ് ഹരിദ്വേഷിയാണ്-ഈശ്വരനോട് പരമ വിരോധം ഉള്ളയാൾ. അവർ ഒരുമിച്ചു പോകുമോ? പിതാവ് വിദ്വേഷിയും പുത്രൻ പ്രേമിയും. ഇത് ഒരു കുടുംബത്തും സംഭവിക്കുന്നതാണ്. ചില നേരം ഭാര്യ ‘നോ’ പറയും, അതേസമയം ഭർത്താവ് ‘യെസ്’ പറയുന്നു. കുട്ടികൾ ‘യെസ്’ പറയും, എന്നാൽ രക്ഷിതാക്കൾ ‘നോ’ പറയും, രണ്ടും ഒരുമിച്ച് പോവുന്നു. ഇത് ജീവിതനിയമമാവാം. ഇവിടെ, പിതാവിന് ഈശ്വരനോട് വിദ്വേഷമായിരുന്നു, അതേസമയം പുത്രൻ എല്ലായ്പോഴും ഈശ്വരനാമം ജപിക്കുമായിരുന്നു.



അപ്പോൾ, പിതാവ് പുത്രനോട് ആരായുന്നു, "ഈശ്വരൻ എവിടെ?" കുഞ്ഞു മകൻ മറുപടി നൽകുന്നു, "ഈശ്വരൻ എല്ലായിടത്തുമുണ്ട്, അത് സംശയിക്കാതിരുന്നാലും."

പിതാവ് പറയുന്നു, "ഈശ്വരൻ എല്ലായിടത്തുമുണ്ടെന്നോ? എവിടെയാണദ്ദേഹം? അദ്ദേഹത്തെ എനിക്കു കാട്ടിത്തരൂ!"

പുത്രൻ മറുപടി നൽകുന്നു, "നിങ്ങൾ അറിയാനാഗ്രഹിക്കുന്നിടത്തെല്ലാം, നിങ്ങൾ അവിടുന്നിനു പുറകേ പോവുന്ന എവിടെയും, നിങ്ങൾ അവിടുന്നിനെ തെരയാനാശിക്കുന്ന എവിടെയും, ഈശ്വരൻ അവിടെയെല്ലാമുണ്ട്." ഈശ്വരൻ അണുവിനേക്കാൾ അണുവിലും, ബൃഹത്തേക്കാൾ ബൃഹത്തിലും ഉണ്ട്.




**അണോരണീയാൻ മഹതോ മഹീയാൻ** (കഠ ഉപ.1.2.20)

ഭഗവാൻ അവിടുത്തെ പ്രഭാഷണങ്ങളിൽ മിക്കപ്പോഴും ആവർത്തിക്കുന്ന ഉപനിഷത്തുക്കളിൽ നിന്നുള്ള വരികളാണിവ- "അണുവിനേക്കാൾ അണുവും, ബൃഹത്തേക്കാൾ ബൃഹത്തും."




''സ്വാമീ, എനിക്കു മനസ്സിലാവുന്നില്ല! എങ്ങനെയാണ് ഈശ്വരന് ബൃഹത്തേക്കാൾ ബൃഹത്തും അണുവിനേക്കാൾ അണുവുമായിരിക്കാൻ പറ്റുന്നത്? രണ്ടും? അതെങ്ങനെ സാധ്യമാവും?''



ഭഗവാൻ പറയുന്നു: '' 'ഈശ്വരൻ നിങ്ങളുടെ ഉള്ളിലുണ്ട്, നിങ്ങളുടെ മുകളിലുണ്ട്, നിങ്ങളുടെ താഴെയുണ്ട്, നിങ്ങളുടെ ചുറ്റിനുമുണ്ട്, നിങ്ങൾ ഈശ്വരനാകുന്നു' എന്ന് ഞാൻ പറയുമ്പോൾ, അത് അർത്ഥമാക്കുന്നത് ഈശ്വരൻ എല്ലായിടത്തുമുണ്ടെന്നാണ്.'' ഭഗവാൻ ഈ ശ്ലോകം ഉദ്ധരിച്ചെന്നു വരില്ല, പക്ഷേ അവിടുന്ന് അർത്ഥമാക്കുന്നത്, 'ഈശ്വരൻ എല്ലായിടത്തുമുണ്ടെന്നാ'ണ്.

## ഒരു പരീക്ഷയാണ്, ശിക്ഷയല്ല
## A TEST AND NOT A PUNISHMENT

ഒരിക്കൽ ഞാൻ ഭഗവാനോട് ചോദിച്ചു, ''ഭഗവാൻ, ഈശ്വരൻ എല്ലായിടത്തുമുണ്ടെങ്കിൽ, എനിക്കൊരു ലളിതമായ ചോദ്യമുണ്ട്.''

സ്വാമി ചോദിച്ചു, ''എന്താണത്?''

''ഈശ്വരവിരോധിയായിരുന്ന പിതാവ്, തന്റെ പുത്രനെ പീഢനത്തിന് ഇരയാക്കുന്നു. ആ കുഞ്ഞു മകൻ ഭഗവാന്റെ പരമ ഭക്തനാണ്. അവൻ ഈശ്വരനാമം ജപിക്കുന്നു, എന്നാൽ പിതാവ് ഇതിന് നേരേ വിപരീതമാണ്. അതുകൊണ്ട് ആ പിതാവ് പുത്രനെ പീഢിപ്പിക്കുന്നത് തുടർന്നു. സ്വാമീ, എന്റെ ചോദ്യം ഇതാണ്: ഈശ്വരൻ എല്ലായിടത്തും ഉണ്ടെന്നിരിക്കെ, പുത്രനിലുള്ള ഈശ്വരനും പീഢനം ഏൽക്കേണ്ടി വന്നിട്ടു

ണ്ടാവും. അവിടുന്നും പീഢനം സഹിച്ചിട്ടുണ്ടാവും. അവിടുന്നും പീഢനത്തിലൂടെ കടന്നുപോയിട്ടുണ്ടാവും. ഇതേപ്പറ്റി എന്താണ് പറയേണ്ടത്?”

ഭഗവാൻ പറഞ്ഞു, “നിങ്ങളുടെ വീക്ഷണത്തിൽ അതൊരു പീഢനമാണ്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ അതൊരു ആനന്ദത്തിന്റെ വിഷയമാണ്. അദ്ദേഹം ഒരു ആനന്ദാവസ്ഥയിലായിരുന്നു, എന്നാൽ നിങ്ങൾ കരുതുന്നത് അതൊരു പീഢനമാണെന്നാണ്. അതങ്ങനെയല്ല.”

അപ്പോൾ, ഭക്തരും ചില ബുദ്ധിമുട്ടുകളിലൂടെ കടന്നുപോവുന്നു. ഭക്തർക്കും ഏതാനും പ്രശ്നങ്ങൾ ഉണ്ട്. യേശു ക്രിസ്തു മുതൽക്ക്, ആരുംതന്നെ ജീവിതത്തിലെ പ്രശ്ന ങ്ങളിൽ നിന്നും ദുരന്തങ്ങ ളിൽനിന്നും ഒഴിയുന്നില്ല. എന്നാൽ ഒരു യഥാർത്ഥ ഭക്തൻ ഇവയൊക്കെ ഈശ്വരനിൽനിന്നുള്ള ഒരു തരം അനുഗ്രഹമായാണ് എടുക്കുന്നത്. അതൊരു ‘പരീക്ഷ’യാണ്, അതൊരു ‘ശിക്ഷ’യല്ല. ‘രക്ഷ’ എന്നത് സംരക്ഷണമാണ്. സ്വാമി ഈ മൂന്നു പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. നിങ്ങൾ കരുതുന്നത്, പുത്രനെ ഒരു പരീക്ഷയ്ക്ക് വിധേയനാക്കി എന്നാണ്. അല്ല! അതേ കാര്യംതന്നെ രക്ഷയായി മാറും. അപ്പോൾ, ഭഗവാൻ തന്ന ഉദാഹരണമാണിത്.




## പഞ്ചഭൂതങ്ങളെല്ലാം തന്നെ ദിവ്യമാകുന്നു
## ALL THE FIVE ELEMENTS ARE DIVINE

സ്വാമി പറഞ്ഞിട്ടുള്ളത്, പിതാവ് സ്വന്തം പുത്രനെ ഒരു കുന്നിൻമുകളിൽ നിന്ന് സമുദ്രത്തിലേക്ക് തള്ളിയിടാൻ തന്റെ പട്ടാളക്കാരോട് ആജ്ഞാപിച്ചു എന്നാണ്. ഭടന്മാർ

അങ്ങേയറ്റം അനുസരണയുള്ളവരായിരുന്നു, പ്രത്യേകിച്ചും ഇത്തരം കാര്യങ്ങളിൽ, അന്നും ഇന്നും! അതുകൊണ്ട്, ഈ ചങ്ങാതിമാർ കുന്നിൻമുകളിലേക്ക് വലിഞ്ഞു കയറി, ഈ കൊച്ചു കുഞ്ഞിനെ ആ കുന്നിൻമുകളിൽ നിന്ന് സമുദ്രത്തിലേക്ക് തള്ളിയിട്ടു. കുട്ടിയാവട്ടെ, ഒരു ആനന്ദാവസ്ഥയിലായിരുന്നു. എന്തുകൊണ്ട്?



ഭഗവാൻ പറഞ്ഞിട്ടുള്ളത്, സമുദ്രത്തിലും ഈശ്വരനുണ്ട് എന്നാണ്. ഈശ്വരൻ സമുദ്രത്തിലുണ്ട്; കുട്ടിയെ സംരക്ഷിക്കേണ്ടത് അവിടുത്തെ കടമയാണ്. അതുകൊണ്ട്, പ്രഹ്ലാദനെ തീയിലേക്ക് വലിച്ചെറിയുമ്പോൾ, അവന് ഒന്നും സംഭവിച്ചില്ല എന്തെന്നാൽ, അഗ്നി ഈശ്വരനാകുന്നു. പ്രഹ്ലാദൻ സമുദ്രത്തിലേക്ക് എറിയപ്പെട്ടപ്പോൾ അവൻ മുങ്ങിയില്ല. അവൻ മുങ്ങിച്ചത്തില്ല എന്തെന്നാൽ,



സമുദ്രം ഈശ്വരനാകുന്നു. ഒരു ആനയുടെ കാൽക്കീഴിൽ ചവിട്ടിയരയ്ക്കപ്പെട്ടപ്പോൾ അവന് ഒന്നും സംഭവിച്ചില്ല എന്തെന്നാൽ, ആനയിലുള്ള ഭഗവാനും പ്രഹ്ലാദനിലെ ഭഗവാനും തമ്മിൽ, ഹൃദയത്തിൽനിന്ന് ഹൃദയത്തിലേക്കുള്ള, പ്രേമത്തിൽനിന്ന് പ്രേമത്തിലേക്കുള്ള, ഒരു ബന്ധമുണ്ടായിരുന്നു; അവർ പരസ്പരം 'ഹലോ' പറഞ്ഞു! അതിനാൽ ഒന്നുംതന്നെ ഒരിക്കലും സംഭവിക്കാനാവില്ല എന്തെന്നാൽ, എല്ലാം അടിസ്ഥാനപരമായി ദൈവികമാണ്. ഈ ആശയമാണ് താഴെപ്പറയുന്ന വരികളിൽ അടങ്ങിയിരിക്കുന്നത്:

**സർവ്വത: പാണിപാദം തത്**
**സർവ്വതോക്ഷി ശിരോമുഖം ।**
**സർവ്വത: ശ്രുതിമല്ലോകേ**
**സർവ്വമാവൃത്യ തിഷ്ഠതി ।** (13.14)

അത് സർവ്വത്ര വ്യാപിച്ചിരിക്കുന്നു.
അത് നിലനിൽക്കുന്നു.
അസ്തിത്വം ദൈവികമാണ്.
ഒന്ന് മറ്റേതിന്റെ പ്രതിഫലനമാകുന്നു.

ഇനിയും, ദൈവികത്വത്തെ കൂടുതലായി വിശദീകരിക്കുന്നു:

**സർവ്വേന്ദ്രിയ ഗുണാഭാസം**
**സർവ്വേന്ദ്രിയ വിവർജ്ജിതം ।** (13.15)

എന്താണിതിന് അർത്ഥം? ഇവിടെ സകല ഇന്ദ്രിയങ്ങളും പ്രവർത്തിക്കുന്നത് ഈശ്വരൻ കാരണമാണ്. ഒരു മരിച്ച മനുഷ്യന്, ശവശരീരത്തിന് പ്രവർത്തിക്കാനാവില്ല എന്തെന്നാൽ, അവിടെ വൈദ്യുതി വിച്ഛേദ(power failure)മുണ്ട്. അതിനു പിന്നിൽ ഒരു ആത്മാവില്ല. അപ്പോൾ, ഈ ശരീരം കൊണ്ട് ഒന്നും ചെയ്യാൻ കഴിയില്ല; അത് പ്രവർത്തിക്കുന്നതല്ല. എന്നാൽ, അതിനുള്ളിൽ ദിവ്യത്വം ഉള്ളപ്പോൾ, കൈകൾക്ക് പ്രവർത്തിക്കാനാവും; കാലുകൾക്ക് നടക്കാനാവും; കാതുകൾക്ക് കേൾക്കാനാവും; കണ്ണുകൾക്ക് കാണാനാവും. അതിനാൽ, സംവേദന(perception)വും വിവിധ കർമ്മങ്ങളും, ധാരണ(comprehension) ഉൾപ്പടെ, സാധ്യമാവുന്നത് ശരീരത്തിനുള്ളിലുള്ള ആത്മാവ് കാരണത്താലാണ്.





എന്നിരുന്നാലും, എന്റെ ശരീരത്തിന്റെ ഓരോ ഭാഗത്തും ഈശ്വരൻ ഉണ്ടെന്നാലും, ഈശ്വരനിൽ ഈ ഭാഗങ്ങളൊന്നുംതന്നെ ഇല്ല. ചെറിയ ഉദാഹരണം: ഫാനിൽ കറന്റുണ്ട്, പക്ഷേ കറന്റിൽ ഫാനില്ല. ഈ ഹാൻഡ് മൈക്കിൽ കറന്റുണ്ട്, പക്ഷേ കറന്റിൽ ഹാൻഡ് മൈക്കില്ല. ഇതേപോലെ, കറന്റ് എല്ലാത്തിലുമുണ്ട്, എന്നാൽ അവ കറന്റിൽ ഇല്ല.



പ്രഹ്ളാദൻ ഓരോ അവസരത്തിലും രക്ഷപ്പെട്ടു, എന്തെന്നാൽ താൻ ദിവ്യനാ (Divine)ണെന്ന്-പഞ്ചഭൂതങ്ങളെല്ലാം ദിവ്യമാണെന്ന്- അവൻ തിരിച്ചറിഞ്ഞിരുന്നു. തത്ഫലമായി അവന് ഒന്നും സംഭവിക്കാൻ സാധ്യമല്ലായിരുന്നു.




ആദ്ധ്യാത്മികതയെക്കുറിച്ചുള്ള നമ്മുടെ ധാരണ വികസിപ്പിക്കുന്നതിന് നമ്മെ സഹായിക്കുന്നത് പ്രഫ. അനിൽകുമാർ അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (*Sai-Vedam* പേജ് 307-313)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)